## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5324** **05-07-2024 - ൽ മറുപടിയ്ക്ക്**

## കർഷക ക്ഷേമനിധി ബോർഡിൽ അംഗമാകാനുള്ള മാനദണ്ഡം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കേരള കർഷക ക്ഷേമനിധിയിൽ അംഗമാകാനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (എ) | 18 വയസ്സ് പൂർത്തിയായ ഏതൊരു കർഷകനും 55 വയസ്സുവരെ അംഗമായി രജിസ്റ്റർ ചെയ്യുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്.<br><br>ഉടമസ്ഥനായോ, അനുമതി പത്രക്കാരനായോ, ഒറ്റി കൈവശക്കാരനായോ, സർക്കാർ ഭൂമി പാട്ടക്കാരനായോ, കുത്തക പാട്ടക്കാരനായോ ഭാഗികമായി ഒരു നിലയിലും ഭാഗികവുമായി മറ്റുവിധത്തിലും അഞ്ച് സെന്റിൽ കുറയാതെയും 15 ഏക്കറിൽ കവിയാതെയും വിസ്തീർണ്ണം ഉള്ള ഭൂമി കൈവശം വച്ചിരിക്കുകയും 3 വർഷത്തിൽ കുറയാത്ത കാലയളവിൽ കൃഷി-കൃഷി അനുബന്ധ പ്രവർത്തനങ്ങൾ പ്രധാന ഉപജീവന മാർഗ്ഗമായിരിക്കുയും വാർഷിക വരുമാനം 5 ലക്ഷത്തിൽ കവിയാത്തതായുമുള്ള ഏതൊരാളും ഈ ആക്റ്റിന്റെ പരിധിയിൽ ഉൾപ്പെടുന്ന കർഷകനായി നിർവചിക്കപ്പെടുന്നു. എന്നാൽ ഏലം, റബ്ബർ, കാപ്പി, തേയില എന്നീ തോട്ടവിളകളുടെ സംഗതിയിൽ ഏഴര ഏക്കറിൽ കൂടുതൽ ഭൂമി ഏതെങ്കിലും വിധത്തിൽ കൈവശം വയ്ക്കുന്നവർ കർഷകന്റെ നിർവ്വചനത്തിൽ വരുന്നതല്ല.<br><br>ഓരോ കർഷകനും രൂ. 100/- രജിസ്ട്രേഷൻ ഫീസ് ഒടുക്കി അംഗമാകാവുന്നതാണ്. തുടർന്ന് പ്രതിമാസം കുറഞ്ഞത് 100 രൂപ വീതം നിധിയിലേയ്ക്ക് അംശദായം നൽകേണ്ടതാണ്. |
| (ബി) | ക്ഷേമനിധിയിൽ അംഗങ്ങളെ ചേർക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ബി) | കേരള കർഷക ക്ഷേമനിധി ബോർഡ് 2020 ഒക്ടോബറിൽ നിലവിൽ വന്നു. ബോർഡിന് തൃശ്ശൂരിൽ ഹെഡ് ഓഫീസും, തൃശ്ശൂർ, കോഴിക്കോട്,തിരുവനന്തപുരം എന്നിവിടങ്ങളി ലായി മേഖലാ ഓഫീസുകളും പ്രവർത്തിച്ചു വരുന്നു. വിവിധ മാധ്യമങ്ങൾ മുഖേന ക്ഷേമനിധി പദ്ധതിയെ കുറിച്ച് വാർത്തകൾ നൽകുകയും, കർഷകരെ അംഗങ്ങളാക്കി വരികയും ചെയ്യുന്നു. ഇതിനു പുറമെ, കൃഷി, കൃഷി |

<table>
<tr><td></td><td></td><td></td><td>അനുബന്ധ വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന വിവിധ തരം മേളകൾ, എക്സിബിഷനുകൾ, സെമിനാറുകൾ എന്നിവയിൽ പങ്കെടുത്തു ക്ഷേമനിധിയിൽ പങ്കാളിയാകുവാനുള്ള അറിയിപ്പുകൾ നൽകി വരുന്നു.</td></tr>
<tr><td>(സി)</td><td>എറണാകുളം ജില്ലയിൽ ക്ഷേമനിധിയിൽ അംഗങ്ങളാവാൻ എത്രപേർ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന് മണ്ഡലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?</td><td>(സി)</td><td>
<table>
<tr><th>മണ്ഡലം</th><th>അംഗങ്ങളുടെ എണ്ണം</th></tr>
<tr><td>കളമശ്ശേരി</td><td>35</td></tr>
<tr><td>ആലുവ</td><td>45</td></tr>
<tr><td>വൈപ്പിൻ</td><td>24</td></tr>
<tr><td>കൊച്ചി</td><td>8</td></tr>
<tr><td>തൃപ്പൂണിത്തുറ</td><td>15</td></tr>
<tr><td>എറണാകുളം</td><td>4</td></tr>
<tr><td>തൃക്കാക്കര</td><td>3</td></tr>
<tr><td>അങ്കമാലി</td><td>139</td></tr>
<tr><td>പറവൂർ</td><td>50</td></tr>
<tr><td>പെരുമ്പാവൂർ</td><td>153</td></tr>
<tr><td>കുന്നത്തുനാട്</td><td>87</td></tr>
<tr><td>പിറവം</td><td>131</td></tr>
<tr><td>മൂവാറ്റുപ്പുഴ</td><td>119</td></tr>
<tr><td>കോതമംഗലം</td><td>109</td></tr>
</table>
</td></tr>
</table>

സെക്ഷൻ ഓഫീസർ